**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 620</u>** **<u>28-01-2026 - ൽ മറുപടിയ്ക്ക്</u>**

**<u>ടെൽക്കിന്റെ പ്രവർത്തനം</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</td><td colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ടെൽക്കിന്റെ 2015-16 ലെ നെറ്റ്‌വർത്ത് വാല്യൂ എത്ര കോടിയായിരുന്നെന്ന് വ്യക്തമാക്കാമോ; 2016-17 മുതൽ 2022-23 വർഷം വരെയുള്ള ടേൺ ഓവറും അറ്റാദായവും എത്രയെന്ന് സാമ്പത്തികവർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;</td><td>(എ)</td><td>ടെൽകിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ നെറ്റ്‌വർത്ത് വാല്യൂ 86.29 കോടി രൂപയാണ്. 2016-17 മുതൽ 2022-23 വർഷം വരെയുള്ള ടേൺ ഓവറും അറ്റാദായവും അനുബന്ധമായി ചേർത്തിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ടെൽക്കിൽ 2021-22, 2022-23 വർഷത്തിൽ എത്ര കോടിയുടെ ഓർഡർ ലഭിച്ചിരുന്നെന്നും അതിൽ എത്രയാണ് പൂർത്തീകരിച്ചതെന്നും വ്യക്തമാക്കാമോ;</td><td>(ബി)</td><td>ടെൽകിൽ 2021-22, 2022-23 വർഷങ്ങളിൽ ലഭിച്ച ഓർഡറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>സാമ്പത്തിക വർഷം</th><th>ലഭിച്ച ഓർഡർ (തുക ലക്ഷത്തിൽ)</th><th>നിലവിലെ സ്ഥിതി</th></tr>
<tr><td>2021-22</td><td>Rs. 6254.00</td><td>പൂർത്തികരിച്ചു.</td></tr>
<tr><td>2022-23</td><td>Rs. 15114.61</td><td>2026-27 ത പൂർത്തിയാക്കേണ്ട 910 ലക്ഷം രൂപയുടെ ഓർഡർ ഒഴികെ എല്ലാ ഓർഡറുകളു പൂർത്തികരിച്ചു.</td></tr>
</table></td></tr>
<tr><td>(സി)</td><td>ടെൽക്കിന് നാളിതുവരെയായി പിരിഞ്ഞ് കിട്ടാനുള്ള തുക എത്രയാണെന്ന് കണക്ക് ലഭ്യമാണോ; എങ്കിൽ പ്രസ്തുത തുക എത്രയാണെന്നും പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കാമോ;</td><td>(സി)</td><td>ലഭ്യമാണ്. പ്രൊവിഷണൽ അക്കൗണ്ടുകൾ പ്രകാരം 31/12/2025 ലെ ട്രേഡ് റിസീവബിൾസ് 3844.84 ലക്ഷം രൂപയാണ്. കുടിശ്ശികകൾ വേഗത്തിൽ തിരിച്ചുപിടിക്കുന്നതിലേയ്ക്കായി കമ്പനി പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്.</td></tr>
</table>

<table>
<tr>
<td>(ഡി)</td>
<td>ടെൽക്കിലെ ജീവനക്കാരുടെ ഏതെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നതിന് കുടിശ്ശികയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;</td>
<td>(ഡി)</td>
<td>
ഉണ്ട്. ടെൽക്കിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ ചുവടെ പറയും പ്രകാരം കുടിശ്ശികയായിട്ടുണ്ട്;
<table>
<tr><th>ഇനം</th><th>രൂപ (ലക്ഷത്തിൽ)</th></tr>
<tr><td>2016-2021 കാലഘട്ടത്തിലെ പേ റിവിഷൻ അരിയർ</td><td>1669.5</td></tr>
<tr><td>മാസ പ്രൊഡക്ഷൻ ഇൻസെന്റീവ് - 2025-26 സാമ്പത്തിക വർഷം (എസ്റ്റിമേറ്റ് വാല്യൂ)</td><td>1.8</td></tr>
<tr><td>പ്രോഫിറ്റ് & പെർഫോർമെൻസ് ബേയ്സ്ഡ് ഇൻസെന്റീവ്</td><td>64.1</td></tr>
<tr><td>ലീവ് എൻകാഷ്മെന്റ് (2023-24, 2024-25, 2025-26) (എസ്റ്റിമേറ്റ് വാല്യൂ)</td><td>200.0</td></tr>
<tr><td>ആകെ</td><td>1935.5</td></tr>
</table>
സാമ്പത്തിക സ്ഥിതി കൂടുതൽ മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശിഖ ആനുകൂല്യങ്ങൾ ഘട്ടംഘട്ടമായി വിതരണം ചെയ്യുന്നതിനുള്ള നടപടി ഉണ്ടാകുന്നതാണ്.
</td>
</tr>
<tr>
<td>(ഇ)</td>
<td>ടെൽക്കിലെ ജീവനക്കാരുടെ മാസ പ്രൊഡക്ഷൻ ഇൻസെൻറീവ്, മറ്റ് ഇൻസെൻറീവ് എന്നിവ നൽകുന്നത് തടഞ്ഞ് വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?</td>
<td>(ഇ)</td>
<td>
ഉണ്ട്. ടെൽക്കിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ ചുവടെ പറയും പ്രകാരം കുടിശ്ശികയായിട്ടുണ്ട്;
<table>
<tr><th>ഇനം</th><th>രൂപ (ലക്ഷത്തിൽ)</th></tr>
<tr><td>2016-2021 കാലഘട്ടത്തിലെ പേ റിവിഷൻ അരിയർ</td><td>1669.5</td></tr>
<tr><td>മാസ പ്രൊഡക്ഷൻ ഇൻസെന്റീവ് - 2025-26 സാമ്പത്തിക വർഷം (എസ്റ്റിമേറ്റ് വാല്യൂ)</td><td>1.8</td></tr>
<tr><td>പ്രോഫിറ്റ് & പെർഫോർമെൻസ് ബേയ്സ്ഡ് ഇൻസെന്റീവ്</td><td>64.1</td></tr>
<tr><td>ലീവ് എൻകാഷ്മെന്റ് (2023-24, 2024-25, 2025-26) (എസ്റ്റിമേറ്റ് വാല്യൂ)</td><td>200.0</td></tr>
<tr><td>ആകെ</td><td>1935.5</td></tr>
</table>
സാമ്പത്തിക സ്ഥിതി കൂടുതൽ മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശിഖ ആനുകൂല്യങ്ങൾ ഘട്ടംഘട്ടമായി വിതരണം ചെയ്യുന്നതിനുള്ള നടപടി ഉണ്ടാകുന്നതാണ്.
</td>
</tr>
</table>

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ടെൽകിലെ 2016-17 മുതൽ 2022-23 സാമ്പത്തിക വർഷത്തെ ടേൺ ഓവറും അറ്റാദായവും**

| വർഷം | നെറ്റ്‌വർത്ത് (Rs.) | ടേൺഓവർ (Rs.) | പി.ബി.റ്റി (Profit before Tax) (Rs.) | പി.എ.റ്റി (Profit After Tax) (Rs.) | ഓഡിറ്റ് സ്റ്റാറ്റസ് |
|---|---|---|---|---|---|
| 2016-17 | 7952.38 | 18182.34 | 669.93 | 488.97 | ഓഡിറ്റഡ് |
| 2017-18 | 8244.96 | 15615.81 | 743.66 | 264.14 | ഓഡിറ്റഡ് |
| 2018-19 | 8641.51 | 20447.29 | 505.03 | 384.99 | ഓഡിറ്റഡ് |
| 2019-20 | 9165.97 | 20313.34 | 632.11 | 633.83 | ഓഡിറ്റഡ് |
| 2020-21 | 7098.52 | 14648.35 | -3020.66 | -2276.12 | ഓഡിറ്റഡ് |
| 2021-22 | 3349.83 | 13738.40 | -5757.80 | -3675.65 | ഓഡിറ്റഡ് |
| 2022-23 | 398.76 | 14749.74 | -3922.11 | -3053.38 | ഓഡിറ്റഡ് |

സെക്ഷൻ ഓഫീസർ